# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-26

ജി.എൽ.പി.എസ്.കെ.പുരം

# ആമുഖം

നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കച്ചുള്ള സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസമാണ് ഇന്നത്തെ വിദ്യാഭ്യാസ രീതി ലക്ഷ്യമിടുന്നത്. ഒരു വിദ്യാലയത്തിന്റെ ഉയർച്ചയും നിലവാരവും ആ വിദ്യാലയത്തിന്റെ അക്കാദമിക പ്രവർത്തനങ്ങളുടെ ആകെത്തുകയാണ്. കുട്ടികളെ മികച്ച വിദ്യാർത്ഥികളാക്കി മാറ്റുന്നത് അവരുടെ മാനസികവും ശാരീരികവും കലാപരവും സാമൂഹികവുമായ അവസ്ഥകൾ മനസ്സിലാക്കി അതിനനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുമ്പോഴാണ്. ഉന്നതവും മൂല്യമുള്ളതും തിളക്കവുമാർന്ന പ്രവർത്തനങ്ങൾ നൽകി കുട്ടികളെ മികച്ച വിദ്യാർത്ഥികളാക്കി മാറ്റാൻ, ആ ലക്ഷ്യം സാക്ഷാത്കരിക്കാൻ 2025-26 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നു.

# ചുമതലകൾ

അഖില. വി. എം - ഒന്നാം ക്ലാസ്
ജ്യോതി - ഒന്നാം ക്ലാസ്
സുരഭി. ടി - ഒന്നാം ക്ലാസ്
വിന്നി - രണ്ടാം ക്ലാസ്
ബിനില - രണ്ടാം ക്ലാസ്
ദിവ്യ പാറക്കൽ - രണ്ടാം ക്ലാസ്
ദിവ്യ. വി. പി - മൂന്നാം ക്ലാസ്
ധന്യ മോഹൻ - മൂന്നാം ക്ലാസ്
ഹരിത - മൂന്നാം ക്ലാസ്
ശിഞ്ജിന - നാലാം ക്ലാസ്
മുംതാസ് - നാലാം ക്ലാസ്
അഞ്ജു - നാലാം ക്ലാസ്
വിഷ്ണു. വി. കെ - അഞ്ചാം ക്ലാസ്
ഷീന. പി. വി - അഞ്ചാം ക്ലാസ്
അശ്വതി. ടി. പി - അഞ്ചാം ക്ലാസ്
സബിന. എം. പി - അഞ്ചാം ക്ലാസ്
അറബി - അസീന - 1, 2 ക്ലാസ്
- ബാസിം - 3, 4, 5 ക്ലാസ്
ഹിന്ദി - നീന - അഞ്ചാം ക്ലാസ്.

# ലക്ഷ്യങ്ങൾ

* മലയാളം, ഇംഗ്ലീഷ്, അറബി, എന്നി വിഷയങ്ങളിൽ കുട്ടികളുടെ പഠന നിലവാരം അനുസരിച്ച് എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കുക.
* പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
* വായന, ലേഖനം എന്നിവയിൽ കുട്ടികളെ ആവശ്യമായ നിലവാരത്തിലെത്തിക്കുക.
* സംഖ്യാബോധം, ചതുഷ്ക്രിയകൾ, പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ എന്നിവയ്ക്ക് കുട്ടികളെ പ്രാപ്തരാക്കൽ
* പ്രകൃതിയുമായി ഇണങ്ങിച്ചേർന്നുകൊണ്ടുള്ള പഠനം, നിരീക്ഷണം, പരീക്ഷണം, വിവരശേഖരണം, താരതമ്യം ചെയ്യൽ, നിഗമനത്തിലെത്തിച്ചേരൽ എന്നി ഘട്ടങ്ങളിലൂടെ കുട്ടികളിൽ അവബോധം വളർത്തൽ.
* സമർത്ഥരായ കുട്ടികളെ കല, കായിക, ശാസ്ത്ര ഗണിത ശാസ്ത്ര മത്സരങ്ങൾ, സ്കോളർഷിപ്പ് പരീക്ഷയ്ക്ക്കൾ എന്നിവയ്ക്ക് പ്രാപ്തരാക്കുക
* നൂറുശതമാനം കുട്ടികൾക്കും എല്ലാവിഷയങ്ങളിലും പ്രവർത്തനങ്ങളിലും A ഗ്രേഡ് ഉറപ്പാക്കുക.
* ക്ലാസ് ലൈബ്രറി നവീകരണത്തിലൂടെ വായനശീലം ഉറപ്പാക്കുക.

* എല്ലാ കുട്ടികളെയും സ്വതന്ത്ര വായന, സ്വതന്ത്ര രചന എന്നിവയ്ക്ക് പ്രാപ്തരാക്കുക.
* സചിത്ര ബന്ധിതവും സർഗാത്മക ഡയറി പ്രവർത്തനങ്ങളും ബാലസാഹിത്യ കൃതികളും റിഡേഴ്സ് തിയറ്ററും പ്രയോജനപ്പെടുത്തൽ
* മാനവികതയിലും ജീവിത മൂല്യങ്ങളിലും ഊന്നിയുള്ള പഠനം.

## കലാ - കായിക വിദ്യാഭ്യാസം.

* മാനസികമായ ഉല്ലാസം വർധിപ്പിക്കുന്നതിന്, നേതൃത്വ ഗുണം ഉണ്ടാകുന്നതിന്, ശാരീരിക - മാനസിക ആരോഗ്യം ഉണ്ടാക്കുന്നതിന്, കളി ഉപകരണങ്ങൾ, പ്രദർശനവസ്തുക്കൾ നിർമ്മിക്കുന്നതിന്, ലഘു വ്യായാമങ്ങളിൽ ഏർപ്പെടുന്നതിനും ദിനചര്യയായി പിന്തുടരാനും.
* വിവിധ കളികളുടെ നിയമങ്ങൾ അറിയുന്നതിനും

# മലയാളം

* ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന പ്രവർത്തന ക്രമം.
* ലേഖനം, വായന എന്നിവയിലൂടെ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ, ലളിതമായ മൊഡ്യൂൾ അനുസരിച്ച് ആക്ടിവിറ്റി നടത്തൽ.
* മെച്ചപ്പെട്ട വായനക്കാരെയും അക്ഷരത്തെറ്റില്ലാതെ എഴുതാൻ കഴിയുന്നവരെയും കണ്ടെത്തി പൊതുവേദിയിൽ അവസരം നൽകൽ (വായന, ലേഖനം)
* ലൈബ്രറി പ്രവർത്തനങ്ങൾ ഭാഷാപഠനവുമായി ബന്ധപ്പെടുത്തി മെച്ചപ്പെടുത്തൽ.
* എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കൽ.

| പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതലകൾ | ആവശ്യ സാമ്പത്തികം |
| --- | --- | --- | --- |
| വായനക്കൂട്<br>ചിത്രവായന, അമ്മവായന, കഥ അവതരണം, എന്റെ അവധിക്കാലം, ഭാഷാകേളി, വാർത്താലോകത്തേക്ക്, എഴുതാം തെളിയാം.<br><u>പ്രവർത്തന രീതി</u>:-<br>പരിചിതമായ ചിത്രങ്ങൾ കാണിച്ച് കഥ പറയിക്കൽ.<br>അമ്മ വായനയിലൂടെ കുട്ടി കേട്ട കഥ സ്വന്തം ഭാഷയിൽ അവതരണം.<br>കുട്ടിയുടെ അവധിക്കാല അനുഭവം വ്യവഹാര രൂപങ്ങളിലൂടെ എഴുതി അവതരിപ്പിക്കൽ.<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വാക്യങ്ങൾ ഉച്ചരിച്ച് | ജൂൺ - ജൂലൈ | എല്ലാ അധ്യാപകരും. | SRG, PTA, രക്ഷിതാക്കൾ, പൂർവ വിദ്യാർത്ഥികൾ. |

| മ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ | സാമ്പത്തികം. |
| --- | --- | --- | --- | --- |
| | അക്ഷരശുദ്ധി വരുത്തൽ പത്രവായനയിലൂടെ വായന ശേഷി, പ്രതികരണ ശേഷി, ഉച്ചാരണ ശുദ്ധി എന്നിവ നേടൽ. | | | |
| | താളം മേളം<br>ഭാഷാപഠനത്തിൽ താളത്തിന്റെ പ്രാധാന്യം - ഈണം കണ്ടെത്തൽ<br>എഴുത്തിലേയ്ക്ക്<br>ലിപി തിരിച്ചറിഞ്ഞ് ലഘു വാക്യ നിർമ്മാണം - വായനക്കാർഡ് നിർമ്മാണം.<br>സംയുക്ത ഡയറി<br>മധുരമീ മലയാളം - ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ-<br>വായനക്കൂട്ടം, പുസ്തകപരിചയം, വായനക്കുറിപ്പ്. | ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ | എല്ലാ അധ്യാപകരും. | SRG, PTA, വിവിധ ക്ലബ്ബുകൾ |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | <u>നീന്തൽ പരിശീലനം</u>: അഞ്ചാം ക്ലാസിൽ നിന്നും പഠനം പൂർത്തിയാക്കി പോകുന്ന എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുന്നു. | ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ | PTA, Teachers ഹോമകെയർ അംഗങ്ങൾ | PTA |
| | <u>സൈക്ലിംഗ്</u> മൂന്ന്, നാല്, അഞ്ച് ക്ലാസുകളിലെ എല്ലാ പെൺകുട്ടികൾക്കും സൈക്കിൾ സവാരി പരിശീലിപ്പിക്കുന്നു. | ആഗസ്റ്റ് - മാർച്ച്. | മുഴുവൻ അധ്യാപകരും സൈക്കിൾ ക്ലബ്ബും. | PTA |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ | സാമ്പത്ത |
|---|---|---|---|---|
| | ഭാഷോത്സവം:<br>കഥ, പാട്ട് അവതരണം<br>രചനോത്സവം:<br>ചിത്രങ്ങൾ നിരീക്ഷിച്ച് കഥ രചന.<br>വായനോത്സവം:<br>ആസ്വാദ്യകരമായ വായന<br>രചന:<br>കുട്ടികളിലെ രചനാ മികവ് പൊതുവേദിയിൽ അവതരണം.<br>എഴുത്തിലൂടെ, വായനയിലൂടെ കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തൽ<br>കൈത്താങ്ങ്:<br>പ്രതീക്ഷിത ലക്ഷ്യത്തിൽ എത്തിച്ചേരാത്തവർക്ക് ആവശ്യമായ അധ്യാപക പിന്തുണ. | സെപ്റ്റംബർ – ഫെബ്രുവരി. | മുഴുവൻ അധ്യാപകരും. | PTA, SRG, പൂർവവിദ്യാർത്ഥികൾ, ക്ലബ്ബുകൾ, പൊതുസ്ഥാപനങ്ങൾ. |